**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

..................................

**നക്ഷത്ര ചിഹ്നമിട്ട** **08.11.2016 - ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 763**

## സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം

..................................

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൽദോസ് കുന്നപ്പിള്ളി,<br>ശ്രീ. അനിൽ അക്കര,<br>ശ്രീ. പി.ടി. തോമസ്,<br>ശ്രീ. വി.ഡി. സതീശൻ. | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി).** |
| (എ) സംസ്ഥാനത്തെ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) :<br>&<br>(ബി) : | ഉദ്ദേശിക്കുന്നുണ്ട്.<br>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഗവേഷണ സ്ഥാപനങ്ങളെയും വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി സംയുക്ത പ്രവർത്തനത്തിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ഉപയുക്തമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇവയെ വ്യവസായ സംരംഭമേഖലയുമായി ബന്ധിപ്പിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. ഇതുവഴി ചെറുകിട-ഇടത്തരം വ്യവസായ മേഖലയ്ക്ക് മാതൃകാ രൂപരേഖകളും സാങ്കേതിക പരിജ്ഞാനവും നൽകുവാൻ സാധിക്കുന്നതാണ്. |
| (ബി) വ്യവസായ വളർച്ചയ്ക്ക് ഇവയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | | |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) : | 2016-17 -ലെ പുതുക്കിയ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കീം തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ.